# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3106** 13.07.2015-ന് മറുപടിക്ക്

## ഓക്സ്ബോ തടാക സംരക്ഷണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)<br>..... |
| (എ) ചാലക്കുടി മണ്ഡലത്തിലെ കാടുകുറ്റി പഞ്ചായത്തിലെ വൈന്തല ഭാഗത്ത് ചാലക്കുടിപ്പുഴയിൽ രൂപം കൊണ്ടിട്ടുള്ള ഓക്സ്ബോ തടാകം സംരക്ഷിക്കുന്നതിനും, ജൈവവൈവിധ്യ ബോർഡിന്റെ കീഴിൽ പ്രകൃതി പൈതൃക ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന വ്യക്തമാക്കാമോ ; | (എ) ചാലക്കുടി പുഴയിൽ കാടുകുറ്റി പഞ്ചായത്തിലെ വൈന്തല ഭാഗത്ത് രൂപം കൊണ്ടിട്ടുള്ള ഓക്സ്ബോ തടാകം ജൈവവൈവിധ്യ പൈതൃകസ്ഥാനമായി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത നടപടികളുടെ വിശദ വിവരങ്ങൾ അറിയിക്കാമോ ? | (ബി) വൈന്തല (ഓക്സ്ബോ) തടാകം പൈതൃകപട്ടികയിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 2013 ജൂൺ 29-ന് ദേശീയ ജൈവവൈവിധ്യ അതോറിറ്റി ചെയർമാന്റെ നേതൃത്വത്തിൽ ഒരു സംഘം വിദഗ്ധർ ടി തടാകം സന്ദർശിച്ചിരുന്നു. 'ഓക്സ്ബോ' എന്നാൽ കുതിരക്കുളമ്പടി ആകൃതിയിലുള്ള മണൽത്തിട്ട എന്നാണ് നിർവചനം. എന്നാൽ അത്തരത്തിലുള്ള ഒരാകൃതി മേൽപ്പറഞ്ഞ വൈന്തലയിൽ ഉണ്ടോ എന്ന സംശയം ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ ജിയോളജി വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തണമെന്ന് ദേശീയ ജൈവവൈവിധ്യ അതോറിറ്റി ചെയർമാൻ നിർദ്ദേശിച്ചു. വൈന്തല തടാകത്തെ ഓക്സ്ബോ തടാകമായി കണക്കാക്കാൻ സാധ്യമല്ല എന്നാണ് വിദഗ്ധരുടെ അഭിപ്രായം. എന്നാൽ വൈന്തല തടാകം സംരക്ഷിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വൈന്തല തടാക പ്രദേശത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് അതിർത്തി നിർണ്ണയിക്കുകയാണ് ആദ്യനടപടി. റവന്യൂ വകുപ്പിൽനിന്നും അതിർത്തി നിർണ്ണയിച്ച് ലഭിക്കുന്നതനുസരിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ